പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.280 — 23.01.2018 ൽ മറുപടിക്ക്

## നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 13,66,000/- (പതിമൂന്നു ലക്ഷത്തി അറുപതിനായിരം രൂപ) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം ഇനിയും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) | നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പഴയ കെട്ടിടത്തിൽ ലാബ്, ഫാർമസി സൗകര്യങ്ങളോട് കൂടിയ പരിഷ്കരണം പൂർത്തീകരിച്ചു വരുന്നുണ്ട്. ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നേഴ്സിന്റെ 2 തസ്തികകൾ സൃഷ്ടിച്ചതിൽ ഒരു സ്റ്റാഫ് നേഴ്സിനെ നിയമിച്ചിട്ടുണ്ട്. ടി തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി ഒരു ഡോക്ടർ, ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ